# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *371

27/06/2012-ലെ മറുപടിക്ക്

## നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് Employability Centres എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് Additional Skill Enhancement Programme (ASEP) ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുകൊണ്ട് പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സാദ്ധ്യത ഉണ്ടാക്കികൊടുക്കുന്നുണ്ട്. കൂടാതെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിൽ രഹിതരായ യുവജനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പാക്കി വരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്, ജോബ് ക്ലബ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതികളിലൂടെ തൊഴിൽ കണ്ടെത്താൻ സംരംഭകരെ സജ്ജരാക്കുന്ന പരിപാടി തുടരുന്നതാണ്. |

(ബി) ഇതിനായി നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്ത മാക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

(ബി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി നൂതന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. **Employability Centres** എന്ന നൂതന പദ്ധതി ആവിഷ്കരിക്കുന്നത് വഴി രജിസ്ട്രേഷൻ സ്ക്രീനിംഗ്, കൌൺസലിംഗ്, അസസ്മെന്റ് ട്രെയിനിംഗ്, സർട്ടിഫിക്കേഷൻ, പ്ലേസ്മെന്റ് എന്നീകാര്യങ്ങൾ നടത്തുന്നതാണ്. കൂടാതെ **Additional Skill Enhancement Programme (ASEP)** എന്ന പദ്ധതി കേരളത്തിലെ തൊഴിൽ രഹിതരായ ചെറുപ്പക്കാർ വിവിധ തൊഴിൽ മേഖലകളിൽ വൈദഗ്ദ്ധ്യം ആർജ്ജിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേരുകൾ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾ എന്ന നിലയിൽ നിന്നും തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ എന്ന നിലയിലേയ്ക്ക് മാറുന്നതാണ്. നിലവിലുള്ള ഐ.ടി.ഐ.കളിലെ അടിസ്ഥാന സൌകര്യങ്ങൾ ഉപയോഗപ്പെടുത്തി ഓരോ ജില്ലകളിലും ഒരു കേന്ദ്രത്തിലെങ്കിലും തുടർച്ചയായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാനും കഴിയും.

സെക്ഷൻ ഓഫീസർ